എസ് എച്ച് (2) 10341/17

കാർഷിക വികസന കർഷക ക്ഷേമ -
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി, 15.05.2017.

## കുറിപ്പ്

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - അറ്റന്റർ / ലാബ് അറ്റന്റർ തസ്തികയിലെ ഉദ്യോഗക്കയറ്റം - യോഗ്യരായവരുടെ വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) 14.09.1973-ലെ സ.ഉ (പി) 249/73/പി & എ ആർ ഡി.
2) 19.01.1993-ലെ സ.ഉ (പി) 9/93/പി & എ ആർ ഡി.

* * * * *

കൃഷി വകുപ്പിലെ വിവിധ ലാബുകളിലും ആഫീസുകളിലും നിലവിലുള്ള അറ്റന്റർ / ലാബ് അറ്റന്റർ തസ്തികയിലേക്ക് ഉപരി സൂചനയിലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഉദ്യോഗക്കയറ്റം വഴി നിയമനം നൽകുന്നതിലേക്കായി യോഗ്യരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ 15.06.2017-ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിന് താല്പര്യപ്പെടുന്നു.

1) പേര്.
2) ഉദ്യോഗപ്പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും.
3) ജനനത്തീയതി.
4) വിദ്യാഭ്യാസ യോഗ്യത.
5) അറ്റന്റർ ടെസ്റ്റ് പാസ്സായിട്ടുണ്ടെങ്കിൽ അതിന്റെ വിവരം (പകർപ്പ് സഹിതം).
6) ജോലിയിൽ പ്രവേശിച്ച തീയതി.
7) സംസ്ഥാനത്ത് എവിടെയും ജോലി ചെയ്യാൻ സന്നദ്ധരാണെന്ന സമ്മതപത്രം.
8) ഇപ്പോഴത്തെ തസ്തികയിലെ നിയമന ഉത്തരവിന്റെ നമ്പരും തീയതിയും.
9) ഇപ്പോഴത്തെ തസ്തികയിൽ പ്രൊബേഷൻ പ്രഖ്യാപിച്ചതിന്റെ വിശദാംശങ്ങൾ.
10) അഭിപ്രായക്കുറിപ്പുകൾ.

ആദ്യനിയമനം നിലവിലുള്ള തസ്തികയിൽ ആണെങ്കിൽ പ്രസ്തുത വിവരം കൂടി രേഖപ്പെടുത്തേണ്ടതാണ്. ടി നിയമനത്തിന് മുൻപ് അപേക്ഷിച്ചവർ അവർക്ക് ഇപ്പോഴും നിയമനം ആവശ്യമുണ്ടെങ്കിൽ പുതുതായി അപേക്ഷിക്കാവുന്നതാണ്.

ADMINISTRATIVE ASSISTANT
Directorate of Agriculture
Vikas Bhavan, Thiruvananthapuram

**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർക്കു വേണ്ടി**

എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും.
(താങ്കളുടെ കീഴിൽ വരുന്ന എല്ലാ ആഫീസുകളിലും സർക്കുലർ നൽകേണ്ടതാണ്).
കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ആഫീസുകൾക്ക്.
ചീഫ് സോയിൽ കെമിസ്റ്റ്, സി എസ് & പി എച്ച് സി, പാറോട്ടുകോണം.
സ്റ്റോക്ക് ഫയൽ / സ്പെയർ. / IT സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എസ്.എ.16/05.